# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 775

16.07.2014- ലെ മറുപടിക്ക്

**ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പ തിരിച്ചടവ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ഡോ. എൻ ജയരാജ്**<br>**ശ്രീ.പി.സി.ജോർജ്**<br>**,, എം.വി ശ്രേയാംസ് കുമാർ**<br>**,, റോഷി അഗസ്റ്റിൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത ശേഷം മരണപ്പെടുന്നവരുടെയും, മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) പ്രാഥമിക ഭവന നിർമ്മാണ വായ്പാ സംഘങ്ങളിൽ നിന്ന് വായ്പയെടുത്തശേഷം മരണപ്പെടുന്നവരുടെയും, മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് നിബന്ധനകൾ പ്രകാരം വായ്പ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തി മരണപ്പെടുകയാണെങ്കിൽ ഇൻഷ്വറൻസ് തുക ലഭിക്കുന്ന മുറയ്ക്ക് വായ്പയിലേക്ക് വരവ് വയ്ക്കുന്നു. ബാക്കി നിൽക്കുന്ന തുക മാത്രം ബന്ധപ്പെട്ടവർ അടച്ചാൽ മതി. |
| ബി) ഇപ്രകാരം വായ്പയെടുത്ത് ആകസ്മികമായ ദുര്യോഗങ്ങളിൽപ്പെട്ട് തിരിച്ചടവിന് നിർവ്വാഹമില്ലാതെ നിരാലംബരായവരുടെ ഭവനം നഷ്ടമാകാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) അടിയന്തിര നടപടി സ്വീകരിക്കാവുന്ന സാമ്പത്തിക ഭദ്രത കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് ഇപ്പോഴില്ല. |

**സെക്ഷൻ ഓഫീസർ**